പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3787 | 17.10.2011- ലെ മറുപടി

## പൊതുഗതാഗത സൗകര്യം വർധിപ്പിക്കാൻ നടപടി

<u>ചോദ്യം</u> | <u>ഉത്തരം</u>

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ നഗരങ്ങളിൽ ഗതാഗതക്കുരുക്കുകൾ കൂടിവരുന്ന സാഹചര്യത്തിൽ പൊതുഗതാഗത സൗകര്യം വർധിപ്പിക്കേണ്ടത് സംബന്ധിച്ച് ഒരു പരിശോധന നടത്തിയിട്ടുണ്ടോ ; | (എ) യും (ബി) യും (സി) യും | സംസ്ഥാനത്തെ നഗരങ്ങളിൽ ഗതാഗത കുരുക്കുകൾ ഒഴിവാക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടാണ് ''ജെൻറം'' പദ്ധതി പ്രകാരമുള്ള ബസ്സ് സർവ്വീസുകൾ രാജ്യത്തിന്റെ എല്ലാ പ്രധാന നഗരങ്ങളിലും കേരളത്തിൽ തിരുവനന്തപുരത്തും കൊച്ചിയിലും ആരംഭിച്ചിട്ടുള്ളത്. ചെറിയ വാഹനങ്ങൾ നഗരത്തിൽ പ്രവേശിക്കാതെ നഗരപ്രാന്തപ്രദേശങ്ങളിൽ പാർക്ക് ചെയ്ത് അവിടെ നിന്നും കൂടുതൽ സൗകര്യപ്രദമായ എ.സി., നോൺ എ.സി. ബസ്സുകളിൽ യാത്ര ചെയ്ത് നഗരത്തിൽ എത്തുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്. തൻമൂലം ചെറിയ വാഹനങ്ങളെ പരമാവധി നഗരത്തിൽ നിന്ന് ഒഴിവാക്കി ഗതാഗതക്കുരുക്കിൽ നിന്നും മോചനം നേടാൻ കഴിയും എന്നാണ് ഉദ്ദേശിക്കുന്നത്. എന്നാൽ നഗര പ്രന്ത പ്രദേശങ്ങളിൽ പാർക്കിംഗ് സൗകര്യങ്ങൾ ഒരുക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇനിയും വിജയം കൈവരിച്ചിട്ടില്ല. നഗര പ്രാന്ത പ്രദേശങ്ങളിൽ ചെറിയ വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഒരുക്കിയാൽ മാത്രമേ ഈ പദ്ധതി പൂർണ്ണമായും വിജയപ്രദമാക്കുവാൻ കഴിയൂ എന്ന് കരുതുന്നു. ഇന്ത്യയിലെ ചില പ്രധാന പട്ടണങ്ങളിൽ ആഴ്ചയിലൊരു ദിവസം ബസ് ഡേ ആയി ആചരിക്കാറുണ്ട്. അന്നേ ദിവസം പരമാവധി ചെറിയ വാഹനങ്ങൾ ഒഴിവാക്കി യാത്രക്കാർ |
| (ബി) | എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | | |
| (സി) | സ്വകാര്യ ചെറു വാഹനങ്ങളുടെ എണ്ണം കുറക്കുവാനും കൂടുതൽ കെ.എസ്.ആർ.ടി.സി. ബസുകൾ ഓടിക്കുവാനും നടപടി സ്വീകരിക്കുമോ ; | | |

| | | | |
|---|---|---|---|
| | | | [illegible] സൗകര്യം വർദ്ധിപ്പക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി തിരുവനന്തപുരം നഗരത്തിൽ ആവശ്യാനുസരണം സർവ്വീസുകൾ നടത്തിവരുന്നു. തിരുവനന്തപുരം നഗരത്തിലെ യാത്രാവശ്യം ഈ സർവ്വീസുകൾ കൊണ്ട് മതിയാകുന്നതാണ്. പൊതുഗതാഗത സൗകര്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കൊച്ചി നഗരത്തിൽ കെ.എസ്.ആർ.ടി.സി തിരു-കൊച്ചി സിറ്റി സർവ്വീസ് ആരംഭിച്ചത്. വരുംനാളുകളിൽ കേരളത്തിലെ പ്രധാന പട്ടണങ്ങളിൽ കെ.എസ്.ആർ.ടി.സി സിറ്റി സർവ്വീസ് ആരംഭിക്കുവാനും പദ്ധതിയുണ്ട്. ഇതു പൂർണ്ണമാകുന്നതോടു കൂടി നഗരത്തിലെ ഗതാഗതക്കുരുക്കുകൾ ഒഴിവാക്കുവാൻ കഴിയുമെന്ന് കരുതുന്നു. |
| (ഡി) | കെ.എസ്.ആർ.ടി.സി. ബസുകളുടെ എണ്ണം ഗണ്യമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; | (ഡി) | പ്രതിവർഷം 1000 പുതിയ ബസ്സുകൾ വീതം നിരത്തിലിറക്കുന്നതിന് പദ്ധതിയുണ്ട്. 1000 പുതിയബസ്സുകൾ നിരത്തിലിറങ്ങുന്നതോടുകൂടി പ്രതിവർഷം 600 പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുമെന്ന് കരുതുന്നു. പ്രധാനപ്പെട്ട നഗരങ്ങളിൽ സിറ്റി സർവ്വീസിനെയും നഗരങ്ങളെയും നഗരങ്ങളേയും ബന്ധപ്പെടുത്തിയും നഗരങ്ങളേയും ഗ്രാമങ്ങളേയും ബന്ധപ്പെടുത്തിയും ചെയിൻ സർവ്വീസുകളും ആരംഭിക്കുവാൻ കെ.എസ്.ആർ.ടി.സിക്ക് പദ്ധതിയുണ്ട്. തൻമൂലം വരും വർഷങ്ങളിൽ കെ.എസ്.ആർ.ടി.സി ബസ്സുകളുടെ എണ്ണം ഗണ്യമായി വർദ്ധിപ്പിക്കുവാൻ കഴിയുമെന്ന് കരുതുന്നു. |

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാനത്ത് ഏറെ വർഷങ്ങളായി സ്വകാര്യ ബസുകളുടെ എണ്ണം വർദ്ധിക്കുന്നതിന് ആനുപാതികമായി കെ.എസ്.ആർ.ടി.സി. ബസുകളുടെ എണ്ണം വർധിക്കുന്നില്ല എന്ന കാര്യം പരിശോധിക്കുമോ ; | (ഇ) | സംസ്ഥാനത്ത് കഴിഞ്ഞ കുറച്ചു വർഷമായി കെ.എസ്.ആർ.ടി.സി ബസ്സുകളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. പുതിയബസ്സുകൾ നിരത്തിലിറങ്ങി തുടങ്ങിയതോടു കൂടി ചെയിൻ സർവ്വീസുകൾ ഉൾപ്പെടെ സർവ്വീസുകളുടെ എണ്ണം കാര്യമായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞതുമൂലം കെ.എസ്.ആർ.ടി.സി പ്രതിദിനം 5000ത്തോളം ഷെഡ്യൂളുകൾ നടത്തുന്നുണ്ട്. തൻമൂലം പൊതുഗതാഗത രംഗത്ത് കെ.എസ്.ആർ.ടി.സി യുടെ പങ്കാളിത്തം 27% മായി വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്.<br>31-3-2007 മുതൽ കെ.എസ്.ആർ.ടി.സി ബസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>31-3-2007 – 4,559<br>31-3-2008 – 4,893<br>31-3-2009 – 5,115<br>31-3-2010 – 5,402<br>31-3-2011 – 5,744<br><br>എന്നാൽ 2005-ൽ ഏകദേശം 22000 ആയിരുന്ന സ്വകാര്യ ബസ്സുകളുടെ എണ്ണം 2011-ൽ 14498 ആയി കുറയുകയാണുണ്ടായത്. |
| (എഫ്) | അടുത്ത വർഷങ്ങളിൽ എത്ര പുതിയ കെ.എസ്.ആർ.ടി.സി. ബസുകളാണ് പുതുതായി വാങ്ങാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ? | (എഫ്) | വർഷംതോറും 1,000 ബസ്സുകൾ |

സെക്ഷൻ ഓഫീസർ